ശമ്പളം കൊടുത്തു കഴിഞ്ഞു. ജൂലൈ മാസത്തിൽ മുഴുവൻ ജീവനക്കാർക്കും സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശമ്പളം നൽകുന്നതാണ്.

(11) മരംകയറ്റത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

<u>ശ്രീ. എ. കണാരൻ</u> : സർ, കേര വൃക്ഷങ്ങളുടെ നാടായ കേരളത്തിൽ നാലുലക്ഷത്തോളം വരുന്ന തെങ്ങു കയറ്റ തൊഴിലാളികളുടേയും നാളികേരം പറിച്ചെടുക്കാൻ കഴിയാതെ വിഷമിക്കുന്ന തെങ്ങിന്റെ ഉടമകളായിട്ടുള്ള കൃഷിക്കാരുടേയും നീറുന്ന പ്രശ്നങ്ങളാണ് അങ്ങയുടെ സമ്മതത്തോടെ തൊഴിൽവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ആയിരക്കണക്കായ തെങ്ങുകയറ്റ തൊഴിലാളികൾ അട്ടക്കുളങ്ങര എത്തിച്ചേർന്നിട്ടുണ്ട്, സെക്രട്ടേറിയറ്റിലേക്ക് ഉടനെതന്നെ അവർ മാർച്ച് ചെയ്യുന്നതാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷികോൽപ്പാദന മേഖലയിലെ തൊഴിലാളികൾക്ക് പ്രായോഗികമായി സേവന-വേതന വ്യവസ്ഥകൾ ഇല്ലെന്ന് അങ്ങേയ്ക്കുതന്നെ അറിയാവുന്നതാണ്. അക്കാരണത്താൽ തൊഴിലാളികൾ തെങ്ങ് കയറ്റ തൊഴിലിൽനിന്ന് പിന്മാറുന്നതിന് നിർബന്ധിതരായിക്കൊണ്ടിരിക്കുന്നു. ഏറ്റവും അപകടകരവും സാഹസികവുമായ ജോലിയാണ് തെങ്ങ് കയറ്റമെന്നുള്ളത് എല്ലാവർക്കുമറിയാവുന്നതാണ്. യാതൊരുവിധ സുരക്ഷിതത്വവും ഇല്ലാത്തതിനാൽ പുതിയതായി തൊഴിലാളികൾ തെങ്ങ് കയറ്റ ജോലിയിലേക്ക് വരുന്നില്ല എന്നുള്ളത് ഒരു പരമാർത്ഥമാണ്. ഇതിന്റെ ഫലമായി കാർഷികമേഖലയിൽ നിരാശ പടരുന്നു. തെങ്ങു കൃഷി ഉപേക്ഷിക്കാൻപോലും കർഷകർ തയ്യാറായി വരുന്ന അവസ്ഥ നിലനിൽക്കുന്നു. 30-45 ദിവസം കൂടുമ്പോൾ കൃഷിക്കാർക്ക് തെങ്ങ് കയറ്റ തൊഴിലാളികളുടെ സേവനം ആവശ്യമാണ്. തെങ്ങ്കയറ്റത്തൊഴിലാളികളുടേയും കൃഷിക്കാരുടേയും ആവശ്യങ്ങൾ പരിഗണിച്ച് തെങ്ങ്കയറ്റത്തൊഴിലാളികൾക്ക് സമഗ്രമായ ഒരു സേവന-വേതന വ്യവസ്ഥ നടപ്പിലാക്കണം. അവരുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ ഒരു കമ്മിറ്റിയെ നിശ്ചയിക്കണം. ഞാൻ പറയുന്നത് ലേബർ വകുപ്പുമന്ത്രി ചെയർമാനായ ഉടമകളുടെയും തൊഴിലാളികളുടെയും പ്രതിനിധികളും എം.എൽ.എ. മാരും കൂടിച്ചേർന്ന് ഒരു കമ്മിറ്റി ഉണ്ടാകണം എന്നാണ്. അപകടകരമായ ഈ ജോലി ചെയ്യുമ്പോൾ ചിലർക്ക് അപകട മരണം സംഭവിക്കുന്നു. ചിലർക്ക് പണിയെടുക്കാൻ കഴിയാത്ത വിധം അപകടം സംഭവിച്ച് നരകയാതന അനുഭവിക്കേണ്ടിവരുന്നു. തെങ്ങിൽ നിന്നു വീണ് അപകടം സംഭവിച്ച നൂറു-കണക്കിനാളുകളെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ-താലൂക്കാശുപത്രികളിലും കാണാൻ കഴിയുന്നതാണ്. അപകട മരണം സംഭവിച്ചവരുടേയും പണിയെടുക്കാൻ കഴിയാതെ അപകടം സംഭവിച്ച് നിത്യ ദുരിതമനുഭവിക്കുന്ന തൊഴിലാളികളുടേയും കുടുംബങ്ങൾക്ക് നൽകിവരുന്ന നഷ്ടപരിഹാരം വളരെ തുച്ഛമാണ്, അങ്ങേയ്ക്ക് തന്നെ അറിയാം. ആദ്യം 5000 രൂപയായിരുന്നു. ഇപ്പോൾ 10,000 രൂപയാണ് കൊടുത്തു വരുന്നത്. അത് മാറ്റി ഒരു ലക്ഷം രൂപയെങ്കിലും കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. തൊഴിൽ വകുപ്പുമന്ത്രി അടങ്ങുന്ന സബ്ജക്ട് കമ്മിറ്റി ഏകകണ്ഠമായി നഷ്ടപരിഹാരത്തുക 50,000 രൂപയാക്കി വർദ്ധിപ്പിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വച്ച് അപകടം സംഭവിച്ചാൽ നഷ്ടപരിഹാരമായി രണ്ടു ലക്ഷം രൂപ ഇപ്പോൾ കൊടുക്കുന്നു, കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ഒന്നര ലക്ഷം രൂപ ഇപ്പോൾ നൽകിവരുന്നുണ്ട്. എല്ലാ തൊഴിൽ അപകടങ്ങൾക്കും ഒരുലക്ഷം രൂപയ്ക്കു മുകളിലാണ് നഷ്ടപരിഹാരം നൽകിവരുന്നത്. അപകട മരണം

LIBRARY ARCHIVES Kerala Legislative Assembly

സംഭവിച്ചാലും പണിയെടുക്കാൻ കഴിയാതെ ശാരീരികമായി തളർന്നാലും നഷ്ടപരിഹാരം നൽകണം. അപകടമരണം സംഭവിച്ചാൽ ആശ്രിതർക്ക് പെൻഷൻ നൽകണം, ആശ്രിതർക്ക് സുരക്ഷിതത്വം ഉണ്ടാകണം. അവർക്ക് അവരുടെ കുടുംബം അനാഥമാകില്ലെന്നുള്ള ബോധമുണ്ടാകണം. തെങ്ങ്കയറ്റത്തൊഴിലാളികളുടെ പെൻഷൻ പ്രായം 60 എന്നത് 55 ആയി ചുരുക്കണം. സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണം. കോഴിക്കോട് ജില്ലാപഞ്ചായത്ത് ഈ കാര്യത്തിൽ മാതൃക കാട്ടിയിട്ടുണ്ട്. പത്തു രൂപാ വീതം തൊഴിലാളികളിൽ നിന്നു വാങ്ങി 7669 തൊഴിലാളികളെ രജിസ്റ്റർ ചെയ്തു. അപകട മരണംസംഭവിച്ച 12 തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അര ലക്ഷം രൂപാ വീതം ആറു ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്ലാനിംഗ് ബോർഡ് കഴിഞ്ഞ കൊല്ലം അതിന് ശുപാർശ ചെയ്തു. ഈ കൊല്ലം വീണ്ടും ശുപാർശ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മുഖേന സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻവേണ്ടി ശ്രമിക്കണം. അങ്ങനെ ജോലി സ്ഥിരത, അപകട മരണം സംഭവിച്ചാൽ നഷ്ടപരിഹാരം ഇവയെല്ലാം കൊടുക്കാൻ കഴിയണം. കാർഷികമേഖലയിൽ പുതിയ ഉണർവ്വ് ഉണ്ടാകുന്നതിനുവേണ്ടി ഇക്കാര്യത്തിൽ അനുകൂലമായ മറുപടി ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u>) : സർ, മരം കയറ്റത്തൊഴിലാളികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത് പൂർണ്ണമായി ശരിയാണ്. വളരെയധികം കഷ്ടത അനുഭവിച്ചും ബുദ്ധിമുട്ട് അനുഭവിച്ചും ജോലി ചെയ്യുന്ന ഒരു വിഭാഗമാണ് അവർ. അവരുടെ പെൻഷൻപ്രായം കുറയ്ക്കുന്നതിനെ സംബന്ധിച്ച് അടുത്ത കാലത്ത് കുറെ മെമ്മോറാണ്ടം ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. അത് സംബന്ധിച്ച് വിശദമായ ഒരു സ്കീം തയ്യാറാക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഇവർക്ക് ഇപ്പോൾ മിനിമം വേജസാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. മിനിമം വേജസ് എന്നുപറയുന്നതു തന്നെ വളരെ പരിമിതമായ വേജസാണ്. കർഷകത്തൊഴിലാളികളുടെ മിനിമം വേജസുമായി ബന്ധപ്പെടുത്തിയാണ് ആ വിഭാഗത്തിൽപ്പെടുന്ന മരം കയറ്റത്തൊഴിലാളികൾക്കും നൽകുന്നത്. അപകടം സംഭവിച്ചവർക്ക് നൽകുന്ന പതിനായിരം രൂപ പരിമിതമാണ്. അത് വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഇവർക്ക് അപകടം സംഭവിച്ചാൽ 50,000 രൂപ കൊടുക്കണമെന്ന് 7-ാം നമ്പർ സബ്ജക്ട് കമ്മിറ്റി അടുത്ത കാലത്ത് ഐകകണ്ഠ്യേന ശുപാർശ ചെയ്തിട്ടുണ്ട്. അതൊക്കെ വച്ചിട്ട് തെങ്ങ്-കമുക് കയറ്റ തൊഴിലാളികൾക്ക് പ്രത്യേകം ക്ഷേമനിധിയുണ്ടാക്കാൻ ആലോചിക്കുന്നുണ്ട്. ആ നിലയിൽ മരം കയറ്റത്തൊഴിലാളികൾക്ക് ഈ ഗവൺമെന്റ് പ്രത്യേക പരിഗണന കൊടുത്ത് നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നാണ് ബഹുമാനപ്പെട്ട മെമ്പറെ ഈ അവസരത്തിൽ അറിയിക്കാനുള്ളത്.

(12) കായംകുളം-എറണാകുളം റെയിൽപ്പാത ഇരട്ടിപ്പിക്കൽ

<u>ശ്രീ. കെ. മുഹമ്മദാലി</u> : സർ, കേരളത്തിൽ റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ മുഖ്യ പരിഗണന നൽകേണ്ടത് കായംകുളം മുതൽ എറണാകുളം വരെയുള്ള പാത ഇരട്ടിപ്പിക്കൽ പദ്ധതിയ്ക്കാണ്. നിർഭാഗ്യവശാൽ കേരളത്തിന്റെ റെയിൽവേ വികസനത്തെക്കുറിച്ച് പറയുമ്പോൾ ഉണ്ടാകുന്ന പല നിർദ്ദേശങ്ങളും കേരളത്തിന്റെ പൊതുവായ താല്പര്യത്തിന് യോജിച്ചതല്ല. സംസ്ഥാനത്തിന്റെ പൊതു താല്പര്യത്തിന് യോജിച്ച ഈ രണ്ട് പാത

LIBRARY ARCHIVES Kerala Legislative Assembly